ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.08.2026**

## പ്രധാനവാർത്തകൾ

PIU/TVPM

1. **നീറ്റ് ചോദ്യപേപ്പർ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ലോക്സഭ രണ്ടു മണി വരെ നിർത്തിവച്ചു.**

2. **സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള സംരംഭകത്വ വികസന പദ്ധതി മൂന്നാം പതിപ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് തിരുവനന്തപുരത്തു നിർവഹിക്കും.**

3. **സംസ്ഥാനത്ത് മഴക്കെടുതി തുടരുന്നു. ഇന്ന് ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്. നദീ തീരങ്ങളിലുള്ളവർ ജാഗ്രത പാലിക്കണം.**

4. **കോട്ടയത്തും പത്തനംതിട്ടയിലും താഴ്ന്ന പ്രദേശങ്ങളിൽ നിന്ന് വെള്ളമിറങ്ങിത്തുടങ്ങി; തിരുവല്ലയിലെ പ്രളയബാധിത പ്രദേശങ്ങൾ മന്ത്രി എ.പി അനിൽ കുമാർ ഇന്ന് സന്ദർശിക്കും.**

5. **സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ AI Powered WhatsApp ടിക്കറ്റിംഗ് സംവിധാനം നിലവിൽ വന്നു.**

6. **ആണവായുധങ്ങളുടെ വിനാശകരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധമുയർത്തി ഇന്ന് ഹിരോഷിമ ദിനം.**

## പാർലമെൻറ്

നീറ്റ് ചോദ്യപേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി പ്രതിഷേധത്തിനു നേരെയുണ്ടായ പോലീസ് നടപടി ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ബഹളം രൂക്ഷമായതോടെ ലോക്സഭ രണ്ടുമണി വരെയും രാജ്യസഭാ 2.15 വരെയും നിർത്തിവച്ചു. 12 മണിക്ക് പുനരാരംഭിച്ച രാജ്യസഭയിലും സമാന സാഹചര്യമായിരുന്നു .

RNUTVPM

## സംരംഭകത്വ വികസന പദ്ധതി

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ സംരംഭകത്വ വികസന പദ്ധതി മൂന്നാം പതിപ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് തിരുവനന്തപുരത്തു നിർവഹിക്കും. ഗുണഭോക്താക്കൾക്കുള്ള ആദ്യ വായ്പാ വിതരണവും ചടങ്ങിൽ നടക്കും. സംരംഭകരെയും സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയെയും ശക്തിപ്പെടുത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് മഴക്കെടുതി തുടരുന്നു. വരും ദിവസങ്ങളിൽ മഴയ്ക്ക് ശക്തി കുറയാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. മഴ മുന്നറിയിപ്പും വെള്ളപ്പൊക്കവും കണക്കിലെടുത്ത് കുട്ടനാട്, ചെങ്ങന്നൂർ, കാർത്തികപ്പള്ളി, കോഴഞ്ചേരി, തിരുവല്ല, കോട്ടയം താലൂക്കുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ദുരിതാശ്വാസ ക്യാമ്പുകളുള്ള സ്കൂളുകൾക്കും അവധിയാണ്. ജലനിരപ്പ് അപകടകരമായ രീതിയിൽ തുടരുന്നതിനാൽ പമ്പ, അച്ചൻകോവിൽ നദികളുടെ സമീപ പ്രദേശങ്ങളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജലസേചന വകുപ്പ് അറിയിച്ചു. മഴക്കെടുതിയിൽ ഇത് വരെ 26 മരണങ്ങളാണ് ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുള്ളത്.

RIUTVPM

## കോട്ടയം (ഇൻട്രോ)

കോട്ടയം ജില്ലയിൽ മഴക്കെടുതിക്ക് ആശ്വാസം. മീനച്ചിലാറിന്റെ ജലനിരപ്പ് കുറഞ്ഞു. മഴ മാറിയെങ്കിലും

പടിഞ്ഞാറൻ മേഖലകളിലും, താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് തുടരുകയാണ്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ്. നായർ......***

***(വോയിസ്)***

---

**ദുരിത പെയ്ത്തിന് കൈത്താങ്ങ്**

കനത്ത മഴയിൽ ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി ദുരിത മേഖലയിലേക്കുള്ള തിരുവനന്തപുരം നഗരസഭയുടെ വാഹനം യാത്ര തിരിച്ചു. നഗരസഭ ഡെപ്യൂട്ടി മേയർ ആശാനാഥ് വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് നിർവഹിച്ചു. പത്തനംതിട്ട റാന്നി മേഖലയിലേക്ക് രണ്ട് വാഹനങ്ങൾ ആണ് ഇന്ന് യാത്ര തിരിച്ചത്.

RNUTVPM

---

**പത്തനംതിട്ട (ഇൻട്രോ)**

പത്തനംതിട്ട ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽനിന്നും വെള്ളം ഇറങ്ങുന്നു. തിരുവല്ല താലൂക്കിലെ പ്രളയബാധിത പ്രദേശങ്ങൾ മന്ത്രി എ.പി അനിൽ കുമാർ സന്ദർശിക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ............***

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**കടലാക്രമണം**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ മുന്നറിയിപ്പ്. നാളെ രാവിലെ 11.30 വരെ തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെയും, കൊല്ലം ആലപ്പാട്ട് മുതൽ ഇടവ വരെയും, ആലപ്പുഴ ജില്ലയിലെ ചെല്ലാനം മുതൽ അഴീക്കൽ ജെട്ടി വരെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**പീച്ചിജലവൈദ്യുത നിലയം**

പീച്ചി ചെറുകിട വൈദ്യുത നിലയത്തിൽ അറ്റകുറ്റപ്പണികളുടെ ഭാഗമായി ഇന്ന് ഉച്ചയ്ക്ക് ഒന്ന് മുതൽ നാല് വരെ ട്രയൽ റൺ നടത്തും. ഈ സമയം 20 മിനിറ്റോളം പവർഹൗസിൽ നിന്ന് പുഴയിലേക്ക് വെള്ളം ഒഴുക്കിവിടും. ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്ന് നിലയം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

## വാട്സ് ആപ്പ് ടിക്കറ്റിംഗ്

കെ.എസ്.ആർ.ടി.സി.യുടെ AI Powered WhatsApp ടിക്കറ്റിംഗ് സംവിധാനം നിലവിൽ വന്നു. ഗതാഗത മന്ത്രി സി. പി. ജോൺ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെയും ജീവനക്കാരുടെയും സഹകരണത്തോടെ KSRTC മികരീതിയിൽ മുന്നോട്ട് പോകുകയാണെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനതലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച കെഎസ്ആർടിസി യൂണിറ്റിനുള്ള അവാർഡ് വിതരണം, 24 മണിക്കൂർ കസ്റ്റമർ കെയർ ടോൾ ഫ്രീ സേവനം, നവീകരിച്ച കെഎസ്ആർടിസി കൊറിയർ സംവിധാനത്തിൻറെ ഉദ്ഘാടനം എന്നിവയും നടന്നു.

RNU TVPM

## ഹിരോഷിമ ദിനം

ആണവായുധങ്ങളുടെ വിനാശകരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധമുയർത്തി ഇന്ന് ഹിരോഷിമ ദിനം. 1945 ഓഗസ്റ്റ് 6 നാണ് ജപ്പാനിലെ ഹിരോഷിമ നഗരത്തിൽ അമേരിക്ക 'ലിറ്റിൽ ബോയ്' എന്ന അണുബോംബ് വർഷിച്ചത്. ആക്രമണത്തിൽ ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും തലമുറകളോളം അതിന്റെ ദുരന്തങ്ങൾ അനുഭവിക്കുകയും ചെയ്തു.

## ആറന്മുള

ആറന്മുള വള്ളസദ്യ പുനരാരംഭിച്ചു. മഴയും വെള്ളക്കെട്ടും മൂലമുള്ള ഗതാഗത തടസം നീങ്ങിയതോടെയാണ് വള്ളസദ്യ പുനരാരംഭിക്കുന്നത്. മാറ്റിവെച്ച സ്പെഷ്യൽ പാസ് സദ്യകൾ ഈ മാസം 12, 25, 29 തീയതികളിൽ നടക്കുമെന്ന് ആറന്മുള പള്ളിയോട സേവാ സംഘം അറിയിച്ചു.

## ഓണം പ്രത്യേക ട്രെയിൻ

ഓണക്കാലത്തെ തിരക്ക് കണക്കിലെടുത്ത് കേരളത്തിലേക്ക് പ്രത്യേക ട്രെയിനുകൾ ഏർപ്പെടുത്തി റെയിൽവേ. ഈ മാസം 12 മുതൽ പ്രത്യേക സർവീസുകൾ ആരംഭിക്കും. ഈ മാസം 25 ന് വൈകിട്ട് നാലരയ്ക്ക് ഹുബ്ബള്ളിയിൽ നിന്ന് ബംഗളൂരു വഴി കോട്ടയത്തേക്ക് എത്തുന്ന ട്രെയിൻ കോട്ടയത്തു നിന്ന് തിരുവോണ ദിവസം രാത്രി പത്തരയ്ക്ക് പുറപ്പെടും.

## സപ്ലൈകോ ഓണം ഫെയർ

സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ മറ്റന്നാൾ എറണാകുളം കലൂരിൽ നിർവഹിക്കും. മന്ത്രിമാരായ

RNU TVPM

അനൂപ് ജേക്കബ്, റോജി എം ജോൺ, വി ഇ അബ്ദുൾ ഗഫൂർ തുടങ്ങിയവർ പങ്കെടുക്കും. കോഴിക്കോട് ബീച്ചിലും, കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലും തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലും മെഗാ ട്രേഡ് ഫെയർ ആയാണ് ഇത്തവണ ഓണം മേള സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## സപ്ലൈകോ ഓണക്കിറ്റ്

സംസ്ഥാനത്ത് ആറുലക്ഷത്തിലധികം AAY കാർഡ് ഉടമകൾക്ക് സപ്ലൈകോ 16 ഇന സൗജന്യ കിറ്റുകൾ നൽകും. ആയിരം രൂപയ്ക്ക് 21 ഇനങ്ങൾ അടങ്ങിയ അത്തം ഓണസമ്മാന കിറ്റ് , 1500 രൂപയ്ക്ക് 25 ഇനങ്ങൾ അടങ്ങിയ ഉത്രാടം കിറ്റ്, 2000 രൂപയ്ക്ക് 30 ഇനങ്ങളടങ്ങിയ തിരുവോണം കിറ്റ് എന്നിവയും സപ്ലൈകോ ലഭ്യമാക്കും.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## കർക്കിടകവാവ്(ഇൻട്രോ)

തിരുവനന്തപുരം തിരുവല്ലം പരശുരാമ സ്വാമി ക്ഷേത്രത്തിൽ കർക്കടക വാവിന് ബലി തർപ്പണ ടിക്കറ്റ് ഓൺലൈനായി ബുക്ക് ചെയ്യാവുന്ന സംവിധാനം നിലവിൽ വന്നു. ഈ വർഷം മുതൽ ആദ്യമായാണ് ബലി തർപ്പണ ടിക്കറ്റിന് ഓൺലൈൻ വഴിയുള്ള ബുക്കിംഗ് തിരുവി

താംകൂർ ദേവസ്വം ബോർഡ് ഏർപ്പെടുത്തുന്നത്. ഈ മാസം 12 നാണ് കർക്കടക വാവ്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ആലുവ മണപ്പുറം**

കർക്കിടക വാവ് ബലിതർപ്പണത്തോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ ആലുവ മണപ്പുറത്ത് പുരോഗമിക്കുന്നു. വെള്ളപ്പൊക്ക സ്ഥിതി വിലയിരുത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ്, പൊലീസ്, ആലുവ നഗരസഭ, തുടങ്ങിയ വകുപ്പുകളുടെയും യോഗം കഴിഞ്ഞ ദിവസം ചേർന്നിരുന്നു. മഴ വീണ്ടും ശക്തമായാൽ അതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്താനും തീരുമാനിച്ചു. ഈ മാസം 12 നാണ് കർക്കിടക വാവ് ബലിതർപ്പണം.

❁❁❁❁❁❁❁❁❁❁❁❁❁

**വ്യാജ ലോൺ ആപ്പ്**

സംസ്ഥാനത്ത് വിദ്യാർത്ഥികൾ ഉൾപ്പടെയുള്ളവർ വ്യാജ ലോൺ ആപ്പ്, മ്യൂൾ അക്കൗണ്ട് തട്ടിപ്പുകൾക്ക് ഇരയാകുന്നതായി റിപ്പോർട്ട്. ഇതിനെതിരെ കോളേജുകൾ

RNU TVPM

കേന്ദ്രീകരിച്ച് ബോധവത്കരണ ക്യാമ്പയ്ൻ സംഘടിപ്പിച്ചു വരുന്നതായി കാനറാ ബാങ്ക് ജനറൽ മാനേജറും, സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറുമായ സന്തോഷ് വി എസ് പറഞ്ഞു. PIB യുടെ അധ്യക്ഷതയിൽ തിരുവനന്തപുരം കാനറ ബാങ്കിൽ നടന്ന പ്രതിമാസ ഇന്റർ മീഡിയ പബ്ലിസിറ്റി കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNUTVPM